ഭക്ഷ്യ എണ്ണയുടെ ഉപയോഗം

31 (T* 2305) ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ എണ്ണയുടെ ആവർത്തിച്ചുള്ള ഉപയോഗം മൂലം കാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങളും കുടൽ രോഗങ്ങളും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥിതിവിശേഷം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിവരുന്ന നടപടികൾ എതെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഭക്ഷ്യ എണ്ണയുടെ പ്രസ്തുത ഉപയോഗം മൂലമുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി പൊതുജനങ്ങൾക്കും ഭക്ഷണശാല നടത്തിപ്പുകാർക്കും അവബോധം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പ് ഇതുസംബന്ധിച്ച് നിലവിൽ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാന വ്യാപകമായി ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർക്കും പൊതുജനങ്ങൾക്കുമായി സംഘടിപ്പിച്ചിട്ടുള്ള ക്ലാസ്സുകളിൽ ഭക്ഷ്യഎണ്ണയുടെ ആവർത്തിച്ചുള്ള ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം ഇതിനകം നടത്തിയിട്ടുണ്ട്.

(സി) ഭക്ഷ്യഎണ്ണയുടെ ഉപയോഗം മൂലമുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി പൊതുജനങ്ങൾക്കും ഭക്ഷണശാല നടത്തിപ്പുകാർക്കും അവബോധം നൽകുന്നതിനുവേണ്ടി ലഘുലേഖകൾ, ബോധവത്കരണക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംസ്ഥാന വ്യാപകമായി ഭക്ഷ്യസുരക്ഷാ വകുപ്പ് സംഘടിപ്പിച്ചുവരുന്നു. കൂടാതെ ഇത്തരത്തിൽ ഭക്ഷ്യഎണ്ണ ആവർത്തിച്ച് ഉപയോഗിച്ച് ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം, 2006 അനുസരിച്ച് നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly